# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2817** **21.06.2012-ൽ മറുപടിക്ക്**

**<u>അങ്കമാലി നിയോജകമണ്ഡലത്തിൽ കാലടി സമാന്തര പാലത്തിന്റെയും, അപ്രോച്ച് റോഡിന്റെയും നിർമ്മാണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിൽ 42 കോടി രൂപ അനുവദിച്ചിട്ടുള്ള കാലടി സമാന്തര പാലത്തിന്റെയും, അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. അലൈൻമെന്റ് അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) നിലവിലുള്ള പാലത്തിനോട് ചേർന്നുള്ള പ്രോപ്പോസൽ പരിഗണനയിലുണ്ടോ ; | (ബി) ഉണ്ട്. |
| (സി) സമാന്തരപാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനത്തിനായുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ; | (സി) സാധ്യതാ പഠനത്തിനാവശ്യമായ വിവര ശേഖരണവും സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) ആയതിന്റെ അലൈൻമെന്റും, സ്കെച്ചും, പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഡി) തയ്യാറാക്കികൊണ്ടിരിക്കുകയാണ്. |
| (ഇ) ആയത് സംബന്ധിച്ച കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ സാധ്യതാപഠന റിപ്പോർട്ട് പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ? | (ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാധ്യത പഠന റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. |

**സെക്ഷൻ ഓഫീസർ**